**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **28-07-2021 - ൽ മറുപടിയ്ക്ക്**

**എൻ.പി.ആർ, എൻ.ആർ.സി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | എൻ.പി.ആർ (ദേശീയ ജനസംഖ്യാ പട്ടിക) സെൻസസ്, എൻ.ആർ.സി എന്നിവ എങ്ങനെയൊക്കെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | എൻ.പി.ആർ (National Population Register) പൗരത്വ നിയമം 1955, പൗരത്വം (പൗരന്മാരുടെ രജിസ്ട്രേഷൻ, ദേശീയ ഐഡന്റിറ്റി കാർഡുകളുടെ ഇഷ്യൂ) ചട്ടങ്ങൾ 2003 എന്നിവ പ്രകാരം പ്രാദേശിക (ഗ്രാമം / ഉപനഗരം), ഉപജില്ല, ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ഈ രജിസ്റ്റർ തയ്യാറാക്കുന്നു. കഴിഞ്ഞ 6 മാസമോ അതിൽ കൂടുതലോ ഒരു പ്രദേശത്ത് താമസിച്ച വ്യക്തി അല്ലെങ്കിൽ അടുത്ത 6 മാസമോ അതിൽ കൂടുതലോ ആ പ്രദേശത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ എൻ.പി.ആറിന്റെ ആവശ്യങ്ങൾക്കായി ഒരു സാധാരണ താമസക്കാരനെ നിർവചിച്ചിരിക്കുന്നു. രാജ്യത്തെ ഓരോ സാധാരണ താമസക്കാരന്റെയും സമഗ്രമായ ഐഡന്റിറ്റി ഡാറ്റാബേസ് സൃഷ്ടിക്കുക എന്നതാണ് എൻ.പി.ആറിന്റെ ലക്ഷ്യം. ഡാറ്റാബേസിൽ ഡെമോഗ്രാഫിക്, ബയോ മെട്രിക് വിശദാംശങ്ങൾ അടങ്ങിയിരിക്കും. 2010ൽ ആദ്യമായി നടപ്പിലാക്കിയ എൻ.പി.ആർ 2015ൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തവണ ആദ്യഘട്ട സെൻസസ് പ്രവർത്തനങ്ങളോടൊപ്പം എൻ.പി.ആർ. പുതുക്കൽ നടപടികൾ കൂടി നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു എന്നതൊഴിച്ചാൽ രണ്ട് പ്രത്യേക നിയമങ്ങളാണ് സെൻസസിനും, എൻ.പി.ആർ.നും അടിസ്ഥാനമായുള്ളത് അതിനാൽതന്നെ കണക്കെടുപ്പിന്റേയും എൻ.പി.ആർ. പട്ടിക പുതുക്കലിന്റേയും വിവരശേഖരണത്തിന്റെ ഉദ്ദേശവും ലക്ഷ്യവും തികച്ചും വേറെവേറെയാണ്. ഇവയ്ക്ക് വെവ്വേറ ചോദ്യാവലികളുമാണ്. 2019 ലെ സിറ്റിസൺഷിപ്പ് അമന്റ്മെന്റ് ആക്റ്റ് (CAA) ന്റെ വെളിച്ചത്തിൽ എൻ.പി.ആർ നടത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഗണിച്ച് സെൻസസ് പ്രവർത്തനങ്ങൾ |

നടപ്പാക്കുമ്പോൾ എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതല്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ നടപ്പാക്കില്ല എന്ന് സർക്കാർ നേരത്തെ തന്നെ അസന്നിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. സെൻസസ് [ജനസംഖ്യ കണക്കെടുപ്പ്] 1948ലെ സെൻസസ് ആക്റ്റിലേയും 1990ലെ സെൻസസ് റൂളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്. 1872 മുതൽ 10 വർഷത്തിലൊരിക്കൽ മുടങ്ങാതെ സെൻസസ് പ്രക്രിയ നടന്നുവരുന്നു. രാജ്യത്തെ 16ാമത്തെയും സ്വാതന്ത്ര്യലബ്ദിക്ക് ശേഷമുള്ള 8ാമത്തെയും ജനസംഖ്യാ കണക്കെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. 10 വർഷത്തിലൊരിക്കൽ നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1872 മുതൽ ഓരോ 10 വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യ ത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും, നയ രൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താ പേക്ഷിതമാണ്. ദേശീയ അന്തർദേശീയ ഏജൻസികളും ഗവേഷകരും, ബിസിനസ്സുകാരും, ശാസ്ത്രജ്ഞരും, വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമ മായി ഇടപ്പെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലേക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേക്കുള്ള സംവരണം അടക്കമുള്ള കാര്യ ങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെ ടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാന ത്തിലാണ്. സംസ്ഥാനങ്ങളുടെയും രാജ്യത്തി ന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. എൻ.ആർ.സി [National Register for Citizens] (പൗരത്വ രജിസ്റ്റർ) 1955 ലെ പൗരത്വ നിയമത്തിന് 2003 ൽ പുറപ്പെടുവിച്ച amendment പ്രകാരം രാജ്യത്ത് പൗരന്മാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി, ദേശീയ തിരിച്ചറിയൽ കാർഡ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ദേശീയ പൗരത്വ രജിസ്റ്റർ നടപ്പാക്കുന്നത്. Citizenship (Registration of Citizen and Issue of National

| | | | |
|---|---|---|---|
| | | | Identity Cards) Rules 2003-ൽ ഇതു നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. എൻ.പി.ആർ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് എൻ.ആർ.സി നടപ്പിലാക്കുന്നത്. നിലവിൽ ആസ്സാമിൽ എൻ.ആർ.സി നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്താക മാനം ഇത് നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ നിയമത്തിനെതിരെ സംസ്ഥാന സർക്കാർ ബഹു.സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുഛേദം 131 പ്രകാരമുള്ള ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിൽ 2021 വർഷത്തെ സെൻസസ് നടപടികൾ നടന്നു വരുന്നുണ്ടോ ; ആയതിന്റെ പുരോഗതിയും ഏത് വിഭാഗം ജീവനക്കാരെയൊക്കെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | ഉണ്ട്. സെൻസസ് വിവരശേഖരണം സംസ്ഥാനത്ത് രണ്ട് ഘട്ടമായിട്ടാണ് നടത്തു ന്നത്. ആദ്യഘട്ട സെൻസസ് നടപടികളുടെ ഭാഗമായി Houselisting & Housing Census സംസ്ഥാനത്ത് 2020 മെയ് 1 മുതൽ 30 വരെ കാലയളവിലാണ് നടത്തുവാൻ തീരുമാനിച്ചി രുന്നത്. എന്നാൽ കോവിഡ്-19 വ്യാപനം കാരണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സെൻസസ് നടപടികൾ നിർത്തിവച്ചിരി ക്കയാണ്. അംഗനവാടി ടീച്ചർമാർ അടക്കമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ മറ്റ്. സർക്കാർ / അർദ്ധ സർക്കാർ ജീവനക്കാർ എന്നിവരെയാണ് വിവിധ തലങ്ങളിൽ ജനസംഖ്യാകണക്കെടുപ്പ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത്. |
| (സി) | എൻ.പി.ആർ, എൻ.ആർ.സി എന്നിവയുടെ പശ്ചാത്തലത്തിൽ സെൻസസ് നടപടി ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നതും ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ഉണ്ടാക്കുന്നതുമായ ആശങ്കകൾ പരിഹരിക്കാൻ മുൻകൈയെടുക്കുമോ; ഇക്കാര്യത്തിൽ ബോധവൽക്കരണ നടപടികൾക്ക് തുടക്കം കുറിക്കുമോ; വിശദമാക്കുമോ? | (സി) | സി.എ.എ-2019 നടപ്പിലാക്കിയതിനാൽ എൻ.ആർ.സി സംബന്ധിച്ച് ജനങ്ങൾക്കിടയിൽ, വിശിഷ്യ ന്യൂനപക്ഷങ്ങൾക്കിയിൽ കടുത്ത ആശങ്ക ഉയർന്നിട്ടുണ്ട്. എൻ.പി.ആർ ഡാറ്റ ആണ് എൻ.ആർ.സി യ്ക്കായി അവലംബിക്കുന്നത് എന്നതിനാൽ എൻ.പി.ആർ സംബന്ധിച്ച് നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയത് കൊണ്ടുതന്നെ സെൻസസ് പ്രവർത്തനങ്ങൾക്കൊപ്പം എൻ.പി.ആർ ചോദ്യാ വലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ഇക്കാര്യം തീരുമാനമായി എടുക്കുകയും ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പ് പ്രവർ ത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ്. പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം ഉണ്ടാകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ